



# മത്സ്യസമ്പത്ത് ഭാവിയിലേക്ക് 2021










ലക്ഷദ്വീപിലെ മത്സ്യബന്ധന സമൂഹത്തെയും, അവരുടെ വിശിഷ്ടമായ പോൾ ആൻഡ് ലൈൻ ചൂര മത്സ്യബന്ധന രീതിയേയും, തങ്ങളുടെ മത്സ്യസമ്പത്തു നിരീക്ഷണത്തിനായി അവർ നടത്തുന്ന പ്രശംസനീയമായ പരിശ്രമങ്ങളേയും അവതരിപ്പിക്കുന്ന ഒരു കലണ്ടർ പരമ്പരയാണ് മത്സ്യസമ്പത്ത് ഭാവിയിലേക്ക്. കോവിഡ്-19 മഹാമാരിയെ തുടർന്ന് ലോകമാകെ പലവിധമായ വെല്ലുവിളികൾ നേരിട്ട് കൊണ്ടിരിക്കുന്ന സമയത്താണ് ഈ വർഷത്തെ കലണ്ടർ നിങ്ങളിലേക്കെത്തുന്നത്. മത്സ്യമേഖലയുടെ സുസ്ഥിര പരിപാലനത്തിൽ മത്സ്യബന്ധന സമൂഹങ്ങൾക്ക് വഹിക്കാൻ കഴിയുന്ന പങ്കിനെയും, കോവിഡാനന്തര ലോകത്ത് സ്വാശ്രയത്വം ഉള്ളതും ഒപ്പം തന്നെ വെല്ലുവിളികളെ അതിജീവിക്കാൻ കെൽപ്പുമുള്ള മത്സ്യവിഭവ പരിപാലന സംവിധാനങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയുമാണ് ഈ കലണ്ടറിന്റെ 2021 പതിപ്പിൽ ഊന്നൽ നൽകി അവതരിപ്പിച്ചിരിക്കുന്നത്. അഗത്തി, കടമത്ത്, കവരത്തി, മിനിക്കോയ് ദ്വീപുകളിൽ ദക്ഷിൺ ഫൌണ്ടേഷൻ നടത്തിവരുന്ന സാമൂഹ്യാധിഷ്ടിതമായ മത്സ്യവിഭവ-നിരീക്ഷണ തുടർപരിപാടിയിൽ സജീവമായി പങ്കെടുത്തു കൊണ്ടിരിക്കുന്ന ബോട്ടുകളെയാണ് ഈ കലണ്ടറിൽ ചിത്രീകരിച്ചിട്ടുള്ളത്.

# ജനുവരി

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | **26** | 27 | 28 | 29 | 30 |
| 31 | | | | | | |

**01 -** പുതുവർഷം
**26 -** റിപ്പബ്ലിക്ക് ദിനം





ദിൻനൂറൈനി


ക്രൂ: മുള്ളർ (ബോട്ടുടമ), ദർവേശ് എം.കെ., മുഹമ്മദ് ഷാഫി, കോയ, അഹമദ് ഇർഷാദ്, അബ്ദുള്ള, അഷ്റഫ്, അബ്ദുൽ നജീബ്, അബൂ ബക്കർ, ഉബൈസ്, അബ്ദുൽ റസാക്, അയ്യൂബ് ഖാൻ, ഉമ്മർ.

നമുക്ക് ജീവൻ പകർന്നു തന്നത് കടലായിരുന്നു; ദ്വീപിന്റെ മണ്ണിൽ നാം ജീവിതം കെട്ടിപ്പടുക്കുമ്പോഴും കടലിലാണ് നാം ജീവിതം കണ്ടെത്തിയത്. കാലം മുന്നോട്ടു പോകുമ്പോൾ ഈ ബന്ധവും കൂടുതൽ ദൃഢമായിക്കൊണ്ടിരിക്കുന്നു.

# ഫെബ്രുവരി

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | | | | | | |






തക്കന്തു


ക്രൂ: ഫാത്തിമ തക്കന്തുഗോത്തി (ബോട്ടുടമ), മുഹമ്മദ് കുന്നുഗെ, മുഹമ്മദ് ഉമ്പുരുക്ക, ഹുസൈൻ ബഡഗെ, ഹസ്രത് അലി ഡി.കെ., ഹസ്സൻ ബഡഗെ, മുഹമ്മദ് ബഡഗെ, മൂസ രേവ, മൂസ വഡിക, മൂസ ബഡഗെ, മൂസ അലിഹാജി, ഹുസൈൻ കെ.എം., മുബാറക് ആർ.എം., അസ്‌ലം സാംപ, മൊഹമ്മദ് സഹീർ കെ.

ഇന്ത്യയിൽ ലക്ഷദ്വീപ് ദ്വീപസമൂഹങ്ങളിൽ മാത്രം തുടർന്നുപോരുന്ന പോളും ലൈനും മൽസ്യബന്ധന രീതി ദ്വീപിലെ ഭക്ഷ്യസുരക്ഷയും തൊഴിലവസരങ്ങളും ഉറപ്പുവരുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ഒന്നൊന്നായി ചൂര പിടിക്കുന്നതിലൂടെ ഏവർക്കും എല്ലാക്കാലവും മൽസ്യലഭ്യത ഉറപ്പു വരുത്താൻ ഈ മൽസ്യബന്ധന രീതിയിലൂടെ സാധിക്കുന്നു.

# മാർച്ച്

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | **11** | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | **29** | 30 | 31 | | | |

**11 -** മഹാശിവരാത്രി
**29 -** ഹോളി






ബൈറുഹാ

ചൂരപിടുത്തം ചാളലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ മികച്ച പരിപാലന രീതികളിലൂടെ ചാളയുടെ ലഭ്യതയെ നിലനിർത്താം, ഇന്നത്തേക്കും ഭാവിയിലേക്കും.

ക്രൂ: അബ്ദുറഹിമാൻ (ബോട്ടുടമ), ഉമർ, ജാബിർ, സവാദ്, അബൂ ബക്കർ, യുകീനാ, ഫത്തഹുദ്ദീൻ, മുഹമ്മദ്, ഹുസ്സൈൻ, നാസർ, ഷുക്കൂർ, അബൂക്കാസിം, റഫീക്.

# ഏപ്രിൽ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

**02 -** ദുഃഖവെള്ളി
**04 -** ഈസ്റ്റർ
**14 -** അംബേദ്കർ ജയന്തി, വിഷു
**25 -** മഹാവീർ ജയന്തി



താജുൽ അമ്പിയാ




ക്രൂ: മുഹമ്മദ് ഹനീഫ (ബോട്ടുടമ), മുഹമ്മദ്, ഉമ്മർ കോയ, ഹാഷിം, സിദ്ദീഖ്, കുന്നിക്കോയ, ബുസർ ജംഹർ, അബ്ദുള്ള ബദറുദ്ദീൻ, ഷിഹാബ്, അബ്ദുൽ ബാരി, അബ്ദുൽ കലാം.

തദ്ദേശീയരാൽ പരിപാലിക്കപ്പെടുന്ന സമുദ്രമേഖലകൾ സൃഷ്ടിച്ചു ചാളയുടെ സംരക്ഷണം മികവുറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കും. ഇതിലൂടെ ചാള ലഭ്യതയിൽ ഉണ്ടായേക്കാവുന്ന ദൗർലഭ്യത പരിഹരിക്കുവാനും ചൂരപിടുത്തതിനു ആവശ്യമായ ചാള ഉറപ്പു വരുത്തുവാനും സാധിക്കും.

# മെയ്

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | 31 | | | | | |

**01 -** മെയ് ദിനം
**13 -** ഈദ്-ഉൽ-ഫിത്തർ
**26 -** ബുദ്ധ പൗർണമി






സയ്യിദ് വരക്കൽ

ക്രൂ: മുഹമ്മദ് അലി (ബോട്ടുടമ), ജബ്ബാർ കെ., ഇർഷാദ്, ജമാലുദ്ധീൻ, അഫ്സൽ, ജാബിർ, ജബ്ബാർ, സിയാദ്, നൗഷാദ്

പരമ്പരാഗതമായി ആർജ്ജിച്ച അറിവിന്റെ വലിയൊരു സ്രോതസ്സാണ് ദ്വീപിലെ ചൂരപിടുത്തക്കാർ. മികവുറ്റ മൽസ്യപരിപാലനത്തിന് പരമ്പരാഗതമായ അറിവും അനുഭവജ്ഞാനവും അനിവാര്യമാണ്. ഇതിനായി കടലിന്റെ തുടിപ്പ് മനസിലാക്കിയ ലക്ഷദ്വീപിലെ ചൂരപിടുത്തക്കാരോളം പോന്നവർ ആരുണ്ട്?

# ജൂൺ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |






അതിരിബിദരു

ക്രൂ: മൂസ എൽ.ജി.എഫ്. (ബോട്ടുടമ), ഹസ്സൻ എ.ടി.ബി., സമുസുദീൻ കെ.എൽ.എഫ്., അലി എൽ.ജി.എഫ്., മൂസ ഡി.ബി., മുഹമ്മദ് വി.എ., അഹമദ് എ.ടി.ബി., ഇബ്രാഹിം എ.ടി.ബി., ഇഷാഖു ഇ.ജി., അക്ബർ എം.ബി.ജി.


സാമൂഹിക പങ്കാളിത്തത്തോടെയുള്ള മൽസ്യവിഭവ-നിരീക്ഷണ പദ്ധതിയിലൂടെ കൃത്യവും വിശദവുമായ വിവരശേഖരണം നടത്താം എന്ന് സ്വയം തെളിയിച്ചവരാണ് ലക്ഷദ്വീപിലെ ചൂരപിടുത്തക്കാർ. അതുപോലെ തന്നെ നിയമാനുസൃതമല്ലാത്ത മൽസ്യബന്ധനവും മറ്റ് നിയമ ലംഘനങ്ങളും അധികാരികളെ അറിയിക്കാനും അതുവഴി നിയമങ്ങൾ നടപ്പിലാക്കുന്ന സംവിധാനങ്ങളുമായി ഒത്തുചേർന്ന് പ്രവൃത്തിക്കാനും മൽസ്യത്തൊഴിലാളികൾക്ക് സാധിക്കും.

# ജൂലൈ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | **20** | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

**20 -** ഈദ്-ഉൽ-അദ്ഹ (ബക്രീദ്)






ക്രൂ: നിജാമുദ്ദീൻ (ബോട്ടുടമ), ദിൽഷാദ്, ഷാഹിർ ഖാൻ, ഹുസ്സൈൻ, ഉസ്മാൻ, സമദ്, ഷറഫുദ്ദീൻ, യാക്കൂബ്, സലീം, സൈഫുദ്ദീൻ, റഷീദ്.

മികച്ച മത്സ്യവിഭവ പരിപാലനത്തിന് വ്യത്യസ്ഥമായ അറിവുകളും, ക്രിയാത്മകമായ ചർച്ചകളും ഒപ്പം ജനങ്ങളുടെ കൂട്ടായ്മയും ഉണ്ടാവണം. ഇതിനുവേണ്ടി ലക്ഷദ്വീപ് മൽസ്യബന്ധന വകുപ്പിനേയും, മൽസ്യമേഖലയുമായി ബന്ധപ്പെട്ട മറ്റെല്ലാവരേയും ഒരുമിപ്പിച്ചു കൊണ്ടുവരാനുള്ള ഒരു വേദിയാണ് ഫിഷറീസ് കോ-മാനേജ്മെന്റ്.

# ഓഗസ്റ്റ്

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | **14** |
| **15** | 16 | 17 | 18 | **19** | 20 | **21** |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

**15 -** സ്വാതന്ത്ര്യ ദിനം
**19 -** മുഹറം
**21 -** തിരുവോണം

dakshin






സുൽത്താനുൽ അമ്പിയാ

ക്രൂ: ബർകത്ത് (ബോട്ടുടമ), ദഹാബുദ്ദീൻ അനീസ്, നിക്ഷദ്, വാജിദ് ഖാൻ, ദർവേശ്, താജുദ്ദീൻ, സുദീർ ഖാൻ, യുകീന, യൂസഫ്, ദൽഹത്.

വിവിധ സംവിധാനങ്ങളുടെ ഏകോപനത്തിലൂടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി കോവിഡ് മഹാമാരിയെ നേരിടുന്നതിൽ നമ്മുക്ക് വിജയം കാണുവാൻ സാധിച്ചു. അതുപോലെ തന്നേ ഒരു കോ-മാനേജ്മെന്റ് സംവിധാനം ഫലവത്താകുവാനും കൂട്ടായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. മത്സ്യത്തൊഴിലാളികളും, ഗവേഷകരും, ഭരണകർത്താക്കളും, വ്യാപാരികളും ഒന്നുചേർന്നു പ്രവർത്തിക്കുമ്പോഴാണ് മാതൃകാപരമായ ഒരു കോ-മാനേജ്മെന്റ് സംവിധാനം യാഥാർത്ഥ്യമാകുന്നത്.

# സെപ്റ്റംബർ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

10 - ഗണേഷ് ചതുർത്ഥി






സയാൻ സിദ്ദീക്

ക്രൂ: സിദ്ദീക് ഒടിവാലുമാലിഗെ (ബോട്ടുടമ), മുഹമ്മദ് തംബുരുഗണ്ടുഗെ, മൂസ ഹെളകഗോത്തി, ഹസ്സൻ തമ്പുരുഗണ്ടുഗെ, ഇബ്രാഹിം ഫൈകഗെ, മൂസ വലുഗോത്തി, അലി കൗനികഗോത്തി, ഇബ്രാഹിം എൽ. ജി. എ., ആസിഫ് മുത്തെഗെ, ആസിഫ് കണ്ടുവലുഗെ

മൽസ്യവിഭവപരിപാലനത്തിനുമപ്പുറം സാമൂഹിക-സാമ്പത്തിക പുരോഗതിക്കും, ജല സംരക്ഷണം, പൊതുജനാരോഗ്യം, സമുദ്ര മലിനീകരണം ഉൾപ്പെടെയുള്ള പൊതുവായ പ്രശ്നങ്ങൾക്കും ഒരുമിച്ചുവന്ന് പരിഹാരം കണ്ടെത്തുവാനുള്ള സാധ്യതയും കോ-മാനേജ്മെന്റ് വേദികളിലൂടെ തുറക്കപ്പെടുന്നു.

# ഒക്ടോബർ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

02 - ഗാന്ധി ജയന്തി
15 - ദസറ
19 - ഈദ്-ഇ-മിലാദ്






സഫീനത്ത് സിയാദ്

ക്രൂ: സുന്ദരീബി (ബോട്ടുടമ), അബ്ദുൽ നാസർ പി., അസീബ് ബി., സക്കറിയ പി. എസ്സ്., നിയാസ്, സഹാബുദ്ദീൻ എ., യഹിയാ പി. എസ്സ്., ഹാഷിം ഇ. പി., അസ്ഫർ ടി. പി., നിസാം എം.പി., സദ്ദാം ഹുസൈൻ ബി.

ചാള സംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകൾക്കു തുടക്കം കുറിക്കുക വഴി മൽസ്യബന്ധന വകുപ്പും, ചൂരപിടുത്തക്കാരും, ലക്ഷദ്വീപിൽ കോ-മാനേജ്മെന്റ് സാധ്യമാണെന്ന് അവരുടെ പ്രവർത്തിയിലൂടെ നമ്മുക്ക് കാട്ടിത്തന്നു. ഏവരുടെയും പങ്കാളിത്തത്തോടെയുള്ള ഒരു മത്സ്യവിഭവ പരിപാലനത്തിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പ്പായിരുന്നു ഇത്.

# നവംബർ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

**04 -** ദീപാവലി
**19 -** ഗുരു നാനാക്ക് ജയന്തി



സുഹ്ബതുൽ ബദർ




ക്രൂ: സാദിക് എസ്. (ബോട്ടുടമ), സൈഫുദ്ദീൻ, ഷറഫുദ്ദീൻ, സവാദ്, ഹസ്സൻ, അബ്ദുള്ളാ, നുസൈമുദ്ദീൻ, ഖാലിദ്, അഹ്സനുൽ ബന്ന, ജാഫർ സാദിക്, അബ്ദുറഹിമാൻ, ഹസ്സൻ എം. ഐ, മഹ്മൂദ്.

തദ്ദേശീയമായ വിഭവ പരിപാലന സംവിധാനങ്ങളെ ജനകേന്ദ്രീകൃതമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിലൂടെ ലക്ഷദ്വീപ് പോലെയുള്ള ദ്വീപുകളിൽ ഒരു മഹാമാരിയുടെ സമയത്തു പോലും ഭക്ഷണം, ആരോഗ്യം, ഉപജീവനമാർഗം എന്നിവ ഉറപ്പുവരുത്താനും അതിലൂടെ ഈ ദ്വീപുകൾക്ക് ലോകത്തിന് തന്നെ ഒരു മാതൃകയാവാനും സാധിക്കും.

## ഡിസംബർ

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | **25** |
| 26 | 27 | 28 | 29 | 30 | 31 | |

**25** - ക്രിസ്മസ്
















സാമൂഹികാടിസ്ഥാനത്തിൽ നടന്നു വരുന്ന മൽസ്യവിഭവ-നിരീക്ഷണ പരിപാടിക്ക് നല്ല രീതിയിലുള്ള പിന്തുണ നൽകിക്കൊണ്ടിരിക്കുന്ന ഷഹബാസ്, അന്നാർ, മുഹമ്മദ് സ്വയിദ്, ജൽപ്പരി, സീഹോഴ്സ് തുടങ്ങിയ ബോട്ടുകളുടെ ഉടമകൾക്കും അതിലെ തൊഴിലാളികൾക്കും മറ്റ് അംഗങ്ങൾക്കുമുള്ള ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

സാമൂഹിക ഉന്നമനവും, സുസ്ഥിര ഉപജീവനമാർഗങ്ങളും, സാമൂഹിക-പാരിസ്ഥിതിക നീതിയും പ്രോത്സാഹിപ്പിച്ച്, പ്രകൃതിവിഭവ സംരക്ഷണവും അതിന്റെ പരിപാലനവും ലക്ഷ്യമാക്കി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സർക്കാരിതര സ്ഥാപനമാണ് ദക്ഷിൺ ഫൌണ്ടേഷൻ. അടിസ്ഥാന വിവരശേഖരണ പ്രക്രിയയിൽ നിലവിലുള്ള വിടവുകൾ നികത്തുവാനും അതോടൊപ്പം ലക്ഷദ്വീപിലെ പ്രാദേശിക ജനസമൂഹത്തെ ശാക്തീകരിച്ച്, പ്രകൃതിവിഭവ നിരീക്ഷണം കൂടുതൽ കാര്യക്ഷമമാക്കുവാനും ഞങ്ങൾ ലക്ഷ്യമിടുന്നു. മൽസ്യബന്ധന മേഖലയിൽ ഭാഗഭാക്കായിട്ടുള്ള എല്ലാവരുടേയും പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെ അവരിൾ കാര്യാധീശത്വം വർദ്ധിപ്പിക്കുവാനും, അതോടൊപ്പം, നയരൂപീകരണത്തിനും അവയുടെ നിർവ്വഹണത്തിനുമുള്ള ഒരു വേദി ഒരുക്കുവാനുമാണ് ഞങ്ങൾ ശ്രമിക്കുന്നത്.

പ്രാദേശീക മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിലുള്ള വിജ്ഞാനോൽപ്പാദനവും മത്സ്യവിഭവ പരിപാലനവും എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ 2014 ജനുവരിയിലാണ് ദക്ഷിൺ ഫൌണ്ടേഷന്റെയും ലക്ഷദ്വീപിലെ മത്സ്യത്തൊഴിലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെയുള്ള മത്സ്യവിഭവ-നിരീക്ഷണ പരിപാടിക്ക് തുടക്കമായത്. പോളും ലൈനും മത്സ്യബന്ധന സമ്പ്രദായം ശക്തിപ്പെടുത്തി, സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പുവരുത്തി, സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കുക എന്നതാണ് ഈ പരിപാടിയുടെ ബൃഹത് ലക്ഷ്യം. കാലാകാലങ്ങളിൽ മാറിവരുന്ന ആവശ്യങ്ങളെ കണക്കിലെടുത്ത്, പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ വരുത്തി, പ്രാദേശിക സാഹചര്യങ്ങളുമായി പദ്ധതിയെ സംയോജിപ്പിച്ചു കൊണ്ടുപോകുവാനും ദക്ഷിൺ ഫൌണ്ടേഷൻ ശ്രമിക്കുന്നു.

ലക്ഷദ്വീപ് ഭരണകൂടം, ശാസ്ത്രസാങ്കേതിക വകുപ്പ്, മത്സ്യബന്ധന വകുപ്പ്, പരിസ്ഥിതി-വനം വകുപ്പ് എന്നിവർ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് നൽകി വരുന്ന പിന്തുണയ്ക്ക് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. ലക്ഷദ്വീപിലെ മത്സ്യബന്ധന സമൂഹത്തോടുള്ള പ്രത്യേക നന്ദിയും ഈ അവസരത്തിൽ ഞങ്ങൾ അറിയിക്കുന്നു. അവരുടെ സഹകരണം കൂടാതെ ഈ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ഞങ്ങൾക്ക് കഴിയുമായിരുന്നില്ല.

സാമൂഹിക പങ്കാളിത്തത്തോടെയുള്ള സുസ്ഥിര മൽസ്യവിഭവ പരിപാലന സംവിധാനങ്ങൾ ലക്ഷദ്വീപിൽ നടപ്പിൽ വരുത്തുക എന്ന ഉദ്ദേശ്യത്തോടെ ദക്ഷിൺ ഫൌണ്ടേഷനും ടാറ്റ ട്രസ്റ്റും സംയുക്തമായി 3 വർഷത്തേക്ക് സഹകരിക്കുന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ കലണ്ടർ പ്രസിദ്ധീകരിക്കുന്നത്.

കലണ്ടർ ഡിസൈൻ: അമിത് വെങ്കടരാമയ്യ, റിയ രാജൻ
മലയാളം ലേഔട്ട്: അജ്മീർ എം.എം. (സജ്നാ സ്റ്റുഡിയോ, കടമത്ത്)
ദിവേഹി ലേഔട്ട്: അവിഷ് ജോൺ
ഇംഗ്ലീഷ് ഉള്ളടക്കം: പ്രേരണ ഗാവ്ഡെ, ഈശാൻ ഘോത്ത്, കാർത്തിക് ശങ്കർ
മലയാള ഉള്ളടക്കം: അജിത്ത് രാജ് ആർ., ഫൗസിയ സി. കെ., ഏബൽ ജോബ് ഏബ്രഹാം, നവീൻ നമ്പൂതിരി
ദിവേഹി ഉള്ളടക്കം: എഫ്.ജി. മുഹമ്മദ് (മിനിക്കോയ്)
ചിത്രങ്ങൾ: ഹകീം പി. (അഗത്തി), മുഹമ്മദ് എം. (എൻ.എം. ഡിജിറ്റൽ സ്റ്റുഡിയോ, അഗത്തി), റോഷൻ ചെത്ത്ലത്, മെഹബൂബ് ഖാൻ സി.പി., അജ്മീർ എം. എം. (സജ്നാ സ്റ്റുഡിയോ, കടമത്ത്), സഫിയുള്ള എം.എം. (സജ്നാ സ്റ്റുഡിയോ, കവരത്തി), അലി മണിക്ഫാൻ (മിനിക്കോയ്), ആസിഫ് കെ.കെ (മിനിക്കോയ്), ഷഹീദ് ബിദറുഗോത്തി (മിനിക്കോയ്).

SUPPORTED BY
TATA TRUSTS